# തിരുവനന്തപുരം ജില്ല

# പോത്തൻകോട് ബ്ലോക്ക്

# മംഗലാപുരം ഗ്രാമപഞ്ചായത്ത്

# വാർഡ് നമ്പർ 01

# കല്ലൊത്തുകോണം

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പനിയമം ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്. 2005 സെപ്റ്റംബർ അഞ്ചിന് തൊഴിലുറപ്പ് നിയമം പാസ്സാക്കി . 2006 ഫെബ്രുവരിയിൽ 2 നു പദ്ധതി നിലവിൽ വന്നു. ഇന്ത്യയിലെ 200 ജില്ലകളിലാണ് ആരംഭത്തിൽ പദ്ധതി നടപ്പിലാക്കിയത്.  2006ൽ കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 2008 ഓടെ കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 അധിക തൊഴിൽ ദിനങ്ങൾ നൽകുന്നതിലൂടെ ദാരിദ്ര്യം ലാഹൂകരിക്കുക  എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാർ

ഇല്ല. തുടക്കത്തിൽ 125 രൂപ കൂലിയിൽ നിന്നും ഘട്ടം ഘട്ടമായി 271 രൂപ നിലവിൽ ലഭിക്കുന്നു. തൊഴിൽ ഉറപ്പ് നിയമം സക്ഷെൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നടത്തണം എന്ന് നിഷ്കർഷിക്കുന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശഷേമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളയെൊണ് അധ്യക്ഷയായി തിരഞ്ഞടെുക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ പോത്തൻകോട് ബ്ലോക്കിൽ മംഗലാപുരം പഞ്ചായത്തിൽ ആകെ7033 തൊഴിൽ കാർഡ് കുടുംബങ്ങൾ ഉള്ളതിൽ 1866 ആക്റ്റീവ് തൊഴിൽ കാർഡ് കുടുംബങ്ങൾ ഉണ്ട്. ഒന്നാം വാർഡായ കലൈൊത്തുകോണം ആകെ 370 തൊഴിൽ കാർഡ് കുടുംബങ്ങൾ ഉള്ളതിൽ 169 ഉം ആക്റ്റീവ് തൊഴിൽ കാർഡ് കുടുംബങ്ങൾ ആണ്.തൊഴിലാളിക ളുടെ പത്ത് അവകാശങ്ങൾ

തൊഴിൽ കാർഡിനായി അപക്ഷേിക്കുവാനും 15 ദിവസത്തിനുള്ളിൽ ലഭിക്കുവാനുമുള്ള അവകാശം

തൊഴിൽ ആവശ്യപ്പടൊനും 15 ദിവസത്തിനകം ലഭിക്കുവാനുമുള്ള അവകാശം.

15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലങ്കെിൽ തൊഴിലില്ലായ്മ വതേനം ലഭിക്കുവാനുള്ള അവകാശം

ഏറ്റടെുക്കണ്ടേ പ്രവർത്തികൾ ആസൂത്രണം ചയ്യെുവാനുള്ള അവകാശം.

താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലങ്കെിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനും ഉള്ള അവകാശം.

കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ്, തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവർത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാൻ ആയ തുടങ്ങിയ പ്രവർത്തി സ്ഥല സൗകര്യങ്ങൾ ക്കുള്ള അവകാശം.

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം.

തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കാനുള്ള അവകാശം.

15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.

പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചിലവ് വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം.

## <u>ഫയൽ പരിശോധന റിപ്പോർട്ട്</u>

പ്രവൃത്തിയുടെ പേര് :ഭൂ സംരക്ഷണം, ലൈഫ് ഭവന നിർമ്മാണം

| പ്രവർത്തിയുടെ കോഡ് | തീയതി | | തുക | |
|---|---|---|---|---|
| | ആരംഭിച്ചത് | പൂർത്തിയാക്കിയത് | അനുവദിച്ചത് | ചെലവായത് |
| LD/324044 | 17/01/19 | 26/2/19 | 2, 00,000 | 1, 87, 404 |
| LD/324041 | 17/12/18 | 09/02/19 | 2, 00,000 | 1, 85, 748 |
| DP/277300 | 17/01/019 | 05/03/19 | 2, 00, 000 | 1, 89, 336 |

| | | | | |
|---|---|---|---|---|
| DP/277301 | 17/01/19 | 23/03/19 | 2, 00, 000 | 1, 66, 152 |
| DP/277302 | 17/11/18 | 29/03/19 | 2, 00, 000 | 1, 91, 544 |
| LD/325924 | 24/12/18 | 31/01/19 | 2, 00, 000 | 1, 77, 744 |

ഭൂ സംരക്ഷണവുമായി ബന്ധപ്പെട്ട 6 ഫയലുകൾ പരിശോധിച്ചതിൽ നിന്നും

കവർ പേജ്

AMC പ്രകാരമുള്ള രേഖകൾ അടങ്ങിയ കവർപേജ് ഉണ്ടായിരുന്നു. ജിയോ ടാഗിംഗ് അസറ്റ് ഐഡി , വർക്ക് അസറ്റ് ഐഡി, ജിപിഎസ് ലൊക്കേഷൻ എന്നിവ ഇല്ലായിരുന്നു.

ചെക്ക് ലിസ്റ്റ്

ചെക്ക്ലിസ്റ്റ് ഉണ്ടായിരുന്നു. പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല

ആക്ഷൻപ്ലാൻ കോപ്പി ഇല്ലായിരുന്നു.

DP/277301, DP/277302, DP/277300എന്നീ പ്രവർത്തി ഫയലുകൾ ഒഴികെ മറ്റൊരു ഫയലിലും തൊഴിൽ അനുവദിച്ചുകൊണ്ടുള്ള ഫോറം ഉൾപ്പെടുത്തിയിരുന്നില്ല.

സാങ്കേതിക അനുമതി ഉണ്ടായിരുന്നു.എന്നാൽ secure ൽ നിന്നും ലഭ്യമാകുന്ന കോപ്പി ഇല്ലായിരുന്നു.

ഭരണാനുമതി ഉൾപ്പെടുത്തിയിരുന്നില്ല എന്നാൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ എന്ന രേഖ ഉൾപ്പെടുത്തിയിരുന്നു

ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ഇല്ലായിരുന്നു.

ഡ്രോയിങ്സ് ആൻഡ്  ഡിസൈൻ ഉൾപ്പടുത്തിയിരുന്നില്ല.

തൊഴിൽ  ആവശ്യപ്പെട്ടുകൊണ്ടുള്ള  ഫോറം ഉൾപടുത്തിയിരുന്നില്ല.

ഫണ്ട് ട്രാൻസ്ഫർ ഓർഡർ ഉൾപ്പടുത്തിയിരുന്നില്ല.

മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉൾപ്പടുത്തിയിരുന്നില്ല.

വേജ്  ലിസ്റ്റ് ഉൾപ്പടുത്തിയിരുന്നു.

മസ്റ്റർ റോൾ

6ഫയലുകളിലായി 106 മസ്റ്റർ റോളുകൾ ഉണ്ടായിരുന്നു. മസ്റ്റർ റോളുകളിൽ എം ബുക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

മസ്റ്റർ റോളിൽ ഒന്നും തന്നെ വർക്ക് സ്റ്റാർട്ട് ഡേറ്റ്, ചെക്ക് സൈൻ, പഞ്ചായത് സെക്രട്ടറി സൈൻ, സീൽ എന്നിവ ഇല്ലായിരുന്നു. ചില മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്ത് കാണപ്പെട്ടു.

- LD/324044 ഭൂ സംരക്ഷണ പ്രവർത്തിയിൽ  15 മസ്റ്റർ റോൾ ഉൾപ്പടുത്തിയിരുന്നു.എന്നാൽ ഒന്നിലും ആകെ വേതനം, ആകെ ഷാർപെനിങ് ചാർജ് എന്നിവ രേഖപെടുത്തിയിരുന്നില്ല.

- DP/277302 പ്രവർത്തി ഫയലിൽ മസ്റ്റർ റോൾ 18206 ൽ  01/175 സുമ, 01/ 182 സിന്ധു എന്നിവരുടെ ഒപ്പു വെട്ടി ആപ്സെന്റ് ആക്കിയിരിക്കുന്നു.

മസ്റ്റർ റോൾ നമ്പർ 18208 ൽ 01/192 പ്രസന്ന ഒപ്പു വെട്ടി ആപ്സെന്റ്  ആക്കിയിരിക്കുന്നു.

മസ്റ്റർ റോൾ 23211, 23212 എന്നിവയിൽ ഒരുദിവസത്തെ

എല്ലാവരുടയെും അറ്റൻഡൻസ് വട്ടെിയിരിക്കുന്നു.

- LD/325924 മസ്റ്റർ റോൾ16853 ൽ 001/ 647 പുഷ്പവല്ലി ഏഴാം ദിവസത്തെ ഒപ്പു വട്ടെി ആപ്സന്റ് രഖേപ്പടെുത്തിയിരിക്കുന്നു.

മസ്റ്റർ റോൾ 16854 ൽ 20/264 രാധ ഏഴാം ദിവസത്തെ ഒപ്പു വട്ടെി ആപ്സന്റ് രഖേപ്പടെുത്തിയിരിക്കുന്നു

മസ്റ്റർ റോൾ13425ൽ 20/258 ശകുന്തളയുടെ 6 ദിവസത്തയെും ഒപ്പു രഖേപ്പടെുത്തിയിട്ട് വട്ടെിയിരിക്കുന്നു.

മസ്റ്റർ റോൾ നമ്പർ 14519 ൽ 20/258 ശകുന്തളയുടെ ആദ്യദിവസത്തെ ഒപ്പ് വട്ടെിയിരിക്കുന്നു.

മസ്റ്റർ റോൾ നമ്പർ 15242 എമൗണ്ട് ഡ്യൂ ടു അറ്റൻഡൻസ് കോളത്തിലെ തുക വട്ടെി തിരുത്തിയിരിക്കുന്നു.

- LD/324041 മസ്റ്റർ റോൾ നമ്പർ 20677 ൽ 02/158 സുഭാഷിനിയുടെ ഏഴാം ദിവസത്തെ ഒപ്പ് വട്ടെിയിരിക്കുന്നു

മസ്റ്റർ റോൾ നമ്പർ 16849 ൽ 01/255 ചന്ദ്രികയുടെ ഏഴാമത്തെ ദിവസത്തെ ഒപ്പ് വട്ടെിയിരിക്കുന്നു.

മസ്റ്റർ റോൾ നമ്പർ 15614 ൽ 01/214 സദാശിവന്റെ നാലാം ദിവസത്തെ ഒപ്പ് വട്ടെിയിരിക്കുന്നു.

മസ്റ്റർ റോൾ നമ്പർ 15614, 15615, 15616ൽ രണ്ടാമത്തെ ദിവസത്തെ എല്ലാവരുടയെും ഒപ്പ് വട്ടെിയിരിക്കുന്നു.

മസ്റ്റർ റോൾ നമ്പർ 15615 ൽ 20/275 ഷീജയുടെ നാലാം ദിവസത്തെ ഒപ്പ് വട്ടെിയിരിക്കുന്നു.

മസ്റ്റർ റോൾ നമ്പർ 13441 ഒന്നാം ദിവസത്തെ എല്ലാവരുടെയും ഒപ്പ് വട്ടെിയിരിക്കുന്നു.

ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ് ഉൾപടെുത്തിയിരുന്നില്ല.

ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ് LD/324044, DP/277301 എന്നീ പ്രവർത്തി ഫയലുകളിൽ ഉൾപ്പടെുത്തിയിരുന്നില്ല.

വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഇല്ലായിരുന്നു.

സൈറ്റ് ഡയറി ഉണ്ടായിരുന്നു.

M.ബുക്ക് എല്ലാ ഫയലിലും ഉൾപ്പടെുത്തിയിരുന്നു.

## <u>ഫീൽഡ് പരിശോധന റിപ്പോർട്ട്</u>

2018-19 ഒക്ടോബർ 1 മുതൽ മാർച്ച് 31 വരെ കാലഘട്ടത്തിൽ കലൊത്തുകോണം വാർഡിൽ നടന്ന പ്രവർത്തികളുമായി ബന്ധപ്പടെ്ട 6 ഫയലുകളിലുമായി 42 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങൾ ആണ് ഞങ്ങൾക്ക് പരിശോധിക്കാൻ ഉണ്ടായിരുന്നത്. LD/324044 ഭൂ സംരക്ഷണ പ്രവർത്തി ഫയലിൽ മോഹനൻ, ബിന്ദു, സംഗീത, സുരഷേ്, എന്നിവരുടെ 5 പുരയിടങ്ങൾ പരിശോധിച്ചു. സുരഷേിന്റെ പുരയിടത്തിൽ 6 മഴക്കുഴി , മൺ താരയും കശാലയും ഇടിഞ്ഞ രീതിയിലും കാണപ്പടെ്ടു. മോഹനന്റ പുരയിടത്തിൽ ഇടിഞ്ഞ രീതിയിൽ കശാല മാത്രമേ കാണാൻ സാധിച്ചുള്ളൂ മഴ കുഴി കാണാൻ സാധിച്ചില്ല. ബിന്ദുവിന്റെ പുരയിടത്തിൽ എട്ടു മഴക്കുഴി ഇടിഞ്ഞ് രീതിയിലും മൺ താര നിരത്തിയ രീതിയിലും കാണപ്പടെ്ടു. സംഗീതയുടെ പുരയിടം കാടുകയറിയ

നിലയിലായിരുന്നു ഒന്നും തന്നെ കാണാൻ സാധിച്ചില്ല. സുരഷേിന്റെ തന്നെ മറ്റൊരു പുരയിടം ആദ്യം ചെയ്ത പ്രവർത്തികൾ എല്ലാം തന്നെ നശിപ്പിച്ച് വീണ്ടും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തി ചെയ്തിരിക്കുന്നു( ഇപ്പോൾ ആ പുരയിടം സുരഷേിന്റെ പരേിൽ അല്ല).DP/277301 ൽ 3 സ്വകാര്യ വ്യക്തികളുടെ  പുരയിടങ്ങൾ ആയിരുന്നു ഉൾപ്പെടുത്തിയിരുന്നത്. സുധാകരൻ, നീന, അംബുജാക്ഷി.അവിടെ വാഴ, ചമേ്പ്, ചനേ, മരച്ചീനി എന്നിവ കൃഷി ചെയ്തിരുന്നു.DP/277302  7 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങൾ ഉൾപ്പെടുത്തിയിരുന്നു. അനിൽ കുമാർ, ബാബു, ജഗദീശൻ, അശോകൻ, മഹാശ്വതേ, ബജിൈു, മിനി.അവിടെ കശാല, തങ്ങിൈൻ തടം, മഴകുഴി, താര കോരിയത് എന്നിവ കാണാൻ സാധിച്ചു,വാഴയും മരച്ചീനിയും കൃഷി ചെയ്തിരിക്കുകയായിരുന്നു.Cib ഉണ്ടായിരുന്നു.DP/277300 ഭൂ സംരക്ഷണ പ്രവർത്തിയിൽ 11 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങൾ ഉൾപ്പെടുത്തിയിരുന്നു. സന്ധ്യ, സരിത, നവാസ്, സജീന ബീവി,  സിമി,  ബാബു ചന്ദ്രദത്തൻ, ചന്ദ്രഹാസൻ,  പ്രശോഭനൻ, വിജയകുമാരി, ബിജു എന്നീ പുരയിടങ്ങളിൽ വാഴ,  മരച്ചീനി,  ചമേ്പ്, എന്നിവ കൃഷി ചെയ്ത രീതിയിൽ കാണപ്പെട്ടു.LD/ 325924 ൽ 7 പുരയിടങ്ങളിൽ ആണ് പ്രവർത്തി ചെയ്തിരുന്നത്. മനോജ് കുമാർ,  ബിന്ദു,  അശോകൻ, സുരഷേ് കുമാർ, സുരഷേ് ബാബു, സുലോചന, അനിൽകുമാർ എന്നിവരുടെ പുരയിടങ്ങളിൽ മഞ്ഞൾ, വാഴ, ചമേ്പ് എന്നിവ കൃഷിചെയ്ത് നിലയിലും അശോകന്റെ  പുരയിടം കാടുപിടിച്ച നിലയിലും കാണപ്പെട്ടു.LD/324041  എന്ന ഫയലിലെ ഫീൽഡ് പരിശോധിച്ചതിന്റെ  ഫലമായി 10 സ്വകാര്യ വ്യക്തികളുടെ ഭൂമി സന്ദർശിച്ചു.അതിൽ  രജനി യുടെ  പുരയിടത്തിൽ 2 തങ്ങിൈൻ

തടവും 6 മഴക്കുഴിയിൽ 2 എണ്ണം വേസ്റ്റ് കൊണ്ട് നിറഞ്ഞതായും ബാക്കി പുല്ലു മൂടിയിരിക്കുന്നതായും കാണപ്പെട്ടു. മരച്ചീനിയും വാഴയും ചേമ്പും കൃഷി ചെയ്തിരുന്നു. കശാല ഭാഗികമായി തകർന്ന നിലയിലും പുല്ലു കയറിയ നിലയിലുമാണ് കാണപ്പെട്ടത്. അയ്യപ്പന്റെ പുരയിടത്തിൽ 4 മഴക്കുഴി 9 തെങ്ങിൻ തടം എന്നിവ കാണപ്പെട്ടു.എന്നാൽ മനസിലാക്കാൻ പറ്റാത്ത തരത്തിൽ പുല്ലുകയറിയിരുന്നു.സുദർശനൻ, അജയകുമാർ, ലൈല, ലാലി എന്നിവരുടെ പുരയിടത്തിൽ 2 മഴക്കുഴി വീതവും തെങ്ങിൻ തടം , കശാല എന്നിവയും കാണാൻ സാധിച്ചു. കശാല ഭാഗികമായി ഇടിഞ്ഞ നിലയിലും , മഴക്കുഴിയിൽ വേസ്റ്റ് നിറഞ്ഞ നിലയിലും കണ്ടു. സുനിൽകുമാർ, സൗഭദ്രൻ എന്നിവരുടെ പുരയിടത്തിൽ മഴക്കുഴി, തെങ്ങിൻ തടങ്ങൾ മരച്ചീനി മുതലായവ ഉണ്ടായിരുന്നു.DP/277301, LD325924, LD/304041 എന്നീ പ്രവർത്തി ഫീൽഡുകളിൽ സിഐബി കാണാൻ സാധിച്ചില്ല.

## <u>ഡോർ റ്റു ഡോർ വെരിഫിക്കേഷൻ റിപ്പോർട്ട്</u>

09/11/2019 രാവിലെ 10.30 vrp മാരുടെ നിർദ്ദേശപ്രകാരം തൊഴിലാളികളെല്ലാം അവരവരുടെ സൈറ്റിൽ ഒത്തുകൂടി. തുടർന്ന് വി.ആർ.പി സോണിയ , വി.ആർ.പി ജിതിൻ, വി. ആർ. പി സുരഭി, വി. ആർ. പി അർച്ചന എന്നിവർ ഓരോ സൈറ്റിലും എത്തി തൊഴിലാളികളുടെ തൊഴിൽ കാർഡുകൾ പരിശോധിക്കുകയും അവരുമായി സംസാരിക്കുകയും 10 അവകാശങ്ങളെപ്പറ്റി തൊഴിലാളികൾക്ക് പറഞ്ഞുകൊടുക്കുകയും ചെയ്തു. തൊഴിലാളികൾക്കാർക്കും 10 അവകാശങ്ങളെപ്പറ്റി കാര്യമായി അറിവില്ലായിരുന്നു. തൊഴിൽ കാർഡ് അപൂർണമായിരുന്നു .

തൊഴിൽ കാർഡ് വിവരങ്ങൾ രേഖപ്പെടുത്തേണ്ട രീതി പറഞ്ഞു കൊടുത്തു. ഒരു സൈറ്റിലും ഫസ്റ്റ് എയ്ഡ് ബോക്സ് ഉണ്ടായിരുന്നില്ല. ആദ്യകാലങ്ങളിൽ ഫസ്റ്റ് എയ്ഡ് ബോക്സ് വാങ്ങിയ പൈസ തിരികെ ലഭിക്കാത്തതുകൊണ്ടാണ് ഇപ്പോൾ ഫസ്റ്റ് എയ്ഡ് ബോക്സ് വയ്ക്കാത്തത്  എന്നാണ് അവർ അറിയിച്ചത്. തണൽ സൗകര്യത്തിന് ടാർപോളിൻ ലഭ്യമായിരുന്നില്ല. ഇതുവരെയും ഫസ്റ്റ് എയ്ഡ് ബോക്സിനും  സി ഐ ബി രൂപീകരിക്കുന്നതിനും ചിലവായ തുകയൊന്നും തിരികെ ലഭിച്ചിട്ടില്ല എന്നും  അറിയാൻ കഴിഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷം 100 പണി ആർക്കുംതന്നെ ലഭിച്ചില്ല. ഒരു കാർഡിൽ രണ്ടുപേർ ജോലി ചെയ്യുന്നവർക്ക് മാത്രമേ 100 പണി ലഭിച്ചുള്ളൂ.

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കരട് റിപ്പോർട്ട്

## മംഗലപുരം ഗ്രാമ പഞ്ചായത്ത്

## കലൊത്തുകോണം വാർഡ് (1)

തീയതി :13/11/2019

സമയം :2.30pm

സ്ഥലം : കലൈത്തുകോണം

അംഗൻവാടി

**അജണ്ട :**

**അധ്യക്ഷയെ തിരഞ്ഞെടുക്കൽ**

**ഈശ്വര പ്രാർത്ഥന**

**ഭരണഘടന പ്രതിജ്ഞ**

**സ്വാഗതം**

**റിപ്പോർട്ട് അവതരണം**

**ചർച്ച**

**തീരുമാനം**

**കൃതജ്ഞത**

**ദശേീയഗാനം**

പോത്തൻകോോഡ് ബ്ലോോക്കിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ കലൈത്തുകോോണം വാർഡിലെ സോോഷ്യൽ ഓഡിറ്റ് ഗ്രാമസഭ ഉച്ചക്ക് 2.30 നു കലൈത്തുകോോണം അംഗനവാടിയിൽ വച്ചു നടന്നു.വാർഡ് മമെ്പർ, ഓവർ സീയർ, DEO, vrp മാർ, തൊെഴിലുറപ്പ് തൊെഴിലാളികൾ എന്നിവർ പങ്കടെുത്തു.

സോോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ തൊെഴിലുറപ്പ് തൊെഴിലാളികളിൽ ഒരാൾ ആയിരിക്കണം അധ്യക്ഷ സ്ഥാനം വഹിക്കണേ്ടത് ആയതിനാൽ ശ്രീമതി രാധയെ അധ്യക്ഷയായി ക്ഷണിച്ചു.ഈശ്വരപ്രാർത്ഥനയോോട് കൂടി യോോഗം ആരംഭിച്ചു.vrp സോോണിയ പ്രതിജ്ഞ ചൊെല്ലിക്കൊെടുത്തു.എല്ലാപരേും ഏറ്റു ചൊെല്ലി.തുടർന്ന് അധ്യക്ഷ സ്വാഗതം പറയുന്നതിനായി വാർഡ് മമെ്പർ നെ ക്ഷണിച്ചു.

മമെ്പർ യോോഗത്തിൽ പങ്കടെുത്ത എല്ലാപർേക്കും സ്വാഗതം ആശംസിച്ചു.vrp ജിതിൻ തൊെഴിലുറപ്പ് പദ്ധതിയെ കുറിച്ചും സോോഷ്യൽ ഓഡിറ്റ് എന്താണന്നെും ഓഡിറ്റിൻറെ ആവശ്യകത്തകെ്കുറിച്ചും യോോഗത്തിൽ സംസാരിച്ചു.vrp അർച്ചന തൊെഴിലാളികളുടെ 10 അവകാശങ്ങൾ പറയുകയും vrp സോോണിയ

വിശദീകരണം നൽകുകയും ചെയ്തു.vrp സുരഭി റിപ്പോർട്ട് അവതരിപ്പിച്ചു.കലൈത്തുകോണം വാർഡിന്റെ ഒക്ടോബർ 1മുതൽ മാർച്ച് 31 വരെയുള്ള 6 ഭൂവികസന ഫയലുകളുടെ ഫയൽ ഫീൽഡ് പരിശോധന നടത്തി തൊഴിലാളികളോട് നേരിട്ടു സംസാരിക്കുകയും ചെയ്തതിൽ നിന്നും മനസിലാക്കിയ വിവരങ്ങൾ ചേർത്ത് തയ്യാറാക്കിയ കരട് റിപ്പോർട്ട് ആണ് അവതരിപ്പിച്ചത്.റിപ്പോർട്ട് അവതരണത്തിന് ശേഷം ചർച്ചക്കുള്ള സമയമായിരുന്നു.ചർച്ചയിൽ തൊഴിലാളികൾ അവരുടെ പരാതികൾ പറഞ്ഞു

രമ : അപ്സെന്റ് ആകുന്ന ദിവസത്തെ ജോലിക്കു പിന്നീട് മസ്റ്റർ റോൾ തരുമോ?

ജലജ : വേതനം കൂട്ടുക

മോളി : പണി സ്ഥലത്തു നിന്നും  അപകടം പറ്റിയതിനു ചിലവായ തുക കിട്ടിയില്ല

സുമ : തൊഴിൽ സമയം 9 മുതൽ 4 വരെ ആക്കുക.

Cib സ്ഥാപിക്കാൻ ചിലവായ തുക  ലഭിക്കുമോ?

അനന്ദകുമാരി : വിധവയും മാനസിക രോഗിയായ മോനും ഉള്ള  ഞാൻ 100 പണി കൊണ്ട് എങ്ങിനെ ജീവിക്കും? വേറെ ജോലിക്കു പോകാനും കഴിയുന്നില്ല.

നളിനി : 100 പണി ലഭിക്കുന്നില്ല

തൊഴിൽ ദിനങ്ങൾ കൂട്ടുക, വേതനം കൂട്ടുക എന്നിവ പൊതു

അഭിപ്രായം ആയി ഉയർന്നു.

- ഓവർ സീയർ മറുപടി നൽകി

ചികിത്സ ചിലവിനുള്ള ഫണ്ട് വരുന്നില്ല

Cib കു ചിലവായ തുകയുടടെ GST ബില്ല് നൽകുക

100 പണി ഈ വർഷം എല്ലാപേർക്കും ലഭിക്കും

- മെമ്പർ :ആരും തന്നെ തൊഴിലിനിടയിൽ ആരും പോകരുത്. മസ്റ്റർ റോളിൽ ഒപ്പിട്ടാൽ നിർബന്ധമായും സൈറ്റിൽ ഉണ്ടാകണം.

ശേഷം റിപ്പോർട്ട് കയ്യടിച്ചു പാസ്സാക്കി ശേഷം ഓവർ സീയർ കൃതജ്ഞത പറഞ്ഞു.ദേശീയ ഗാനത്തോടുകൂടി യോഗം പിരിഞ്ഞു.

Vrp സുരഭി

Vrp സോണിയ

Vrp അർച്ചന

Vrp ജിതിൻ